# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ജൂലൈ 24

# വാർത്താക്കുറിപ്പ്

## പരീക്ഷകേന്ദ്രത്തിന് മാറ്റം

മൂവാറ്റുപുഴ സീപാസ് ടീച്ചർ ട്രെയിനിംഗ് കോളേജ് കോവിഡ് ഫസ്റ്റ്‌ലൈൻ ട്രീറ്റ്മെൻറ് സെന്ററായി പരിഗണിക്കുന്ന സാഹചര്യത്തിൽ ജൂലൈ 27ന് പ്രസ്തുത കോളേജിൽ നടത്താനിരുന്ന ബി.എഡ്. പരീക്ഷകൾ മൂവാറ്റുപുഴ നിർമല കോളേജിൽ നടക്കും. മാറമ്പള്ളി എം.ഇ.എസ്.കോളേജ് കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ പ്രസ്തുത കോളേജിൽ ജൂലൈ 27ന് നടത്താനിരുന്ന പി.ജി. പരീക്ഷകൾ കളമശേരി സെന്റ് പോൾസ് കോളേജിൽ നടക്കും.

(പി.ആർ.ഒ/39/762/2020)

## പരീക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സിലെ നാലാം സെമസ്റ്റർ എം.എ. പ്രോഗ്രാംസ് ഇൻ പൊളിറ്റിക്‌സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്‌സ് ആന്റ് ഹ്യൂമൻ റൈറ്റ്‌സ് ആന്റ് പബ്ലിക് പോളിസി ആന്റ് ഗവേണൻസ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് 17 മുതൽ ആരംഭിക്കും. റഗുലർ വിദ്യാർഥികൾ പരീക്ഷഫീസായി പേപ്പറൊന്നിന് 105 രൂപയും മാർക്ക് ലിസ്റ്റിന് 105 രൂപയും ഡിസർട്ടേഷന് 265 രൂപയും വൈവാവോസിക്ക് 105 രൂപയും അപേക്ഷഫോറത്തിന് 30 രൂപയും അടയ്ക്കണം. വീണ്ടുമെഴുതുന്നവർ പരീക്ഷഫീസായി പേപ്പറൊന്നിന് 160 രൂപയും മാർക്ക്‌ലിസ്റ്റിന് 105 രൂപയും ഡിസർട്ടേഷന് 270 രൂപയും വൈവാവോസിക്ക് 210 രൂപയും അടയ്ക്കണം. പിഴയില്ലാതെ ഓഗസ്റ്റ് 10 വരെയും 525 രൂപ പിഴയോടെ 11 വരെയും 1050 രൂപ സൂപ്പർഫൈനോടെ 12 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/763/2020)

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സിലെ രണ്ടാം സെമസ്റ്റർ എം.എ. പ്രോഗ്രാംസ് ഇൻ പൊളിറ്റിക്‌സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്‌സ് ആന്റ് ഹ്യൂമൻ റൈറ്റ്‌സ് ആന്റ് പബ്ലിക് പോളിസി ആന്റ് ഗവേണൻസ് (റീഅപ്പിയറൻസ്/സപ്ലിമെന്ററി - 2018 അഡ്മിഷൻ മാത്രം) പരീക്ഷകൾ ഓഗസ്റ്റ് 7 മുതൽ ആരംഭിക്കും. വിദ്യാർഥികൾ പരീക്ഷഫീസായി പേപ്പറൊന്നിന് 160 രൂപയും മാർക്ക്‌ലിസ്റ്റിന് 105 രൂപയും ഓൺലൈനായി അടയ്ക്കണം. പിഴയില്ലാതെ ഓഗസ്റ്റ് നാലുവരെയും 525 രൂപ പിഴയോടെ അഞ്ചുവരെയും 1050 രൂപ സൂപ്പർഫൈനോടെ ആറുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/764/2020)

## 'കൗൺസിലിംഗ് ഫോർ സ്റ്റുഡന്റ്‌സ് വിത്ത് സ്‌പെഷൽ നീഡ്‌സ്' രാജ്യാന്തര വെബിനാർ 27 മുതൽ

മഹാത്മാഗാന്ധി സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ്, സ്‌കൂൾ ഓഫ് ബിഹേവിയറൽ സയൻസസ്, കാലിക്കറ്റ് സർവകലാശാല ചെയർ ഫോർ ഗാന്ധിയൻ സ്റ്റഡീസ്, കൗൺസിൽ ഫോർ റിസർച്ച് ഇൻ മാനേജ്‌മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റീസ്, ഇന്ത്യൻ കൗൺസിലേഴ്‌സ് അസോസിയേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 'കൗൺസിലിംഗ് ഫോർ സ്റ്റുഡന്റ്‌സ് വിത്ത് സ്‌പെഷൽ നീഡ്‌സ്' എന്ന വിഷയത്തിൽ രാജ്യാന്തര വെബിനാർ നടത്തുന്നു. ജൂലൈ 27ന് രാവിലെ 10ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. ഗൂഗിൾ മീറ്റ് വഴിയാണ് വെബിനാർ നടത്തുന്നത്. ജൂലൈ 29ന് സമാപിക്കും. വിശദവിവരത്തിന് ഫോൺ: 8304837715.

(പി.ആർ.ഒ/39/765/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ